"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 04.03.2024-ലെ 1(1), 05.03.2024-ലെ 1(1) എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2033/2025/LSGD തീയതി,തിരുവനന്തപുരം, 16-08-2025

---

പരാമർശം:-

1. തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 04.03.2024-ലെ 1(1) നമ്പർ തീരുമാനം.
2. തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 05.03.2024-ലെ 1(1) നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.05.2024-ലെ LSGD/PD/15375/2024-REV3 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ വില്ലേജ് 2 ൽ ഉൾപ്പെടുന്ന 96/1 സർവ്വെ നമ്പറിൽ 1.0799 ഹെക്ടർ ഭൂമിയിൽ ശ്രീ.സജീവ് മാത്യു, മാനേജിംഗ് ഡയറക്ടർ, ഓറിയന്റൽ റോക് പ്രോഡകറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, മൂവാറ്റുപുഴ എന്നവർ കരിങ്കൽ ഖനനം നടത്തുന്നതിന് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അപേക്ഷ സമർപ്പിക്കുകയും എന്നാൽ പൊതുജനങ്ങളുടെയും സമീപവാസികളുടെയും പരാതിയെ തുടർന്ന് പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് പ്രസ്തുത സ്ഥലം പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ബെഞ്ച് കട്ടിങ്ങ് അടക്കമുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.13435/2023 നമ്പർ കേസിലെ 30.06.2023-ലെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് നിർദ്ദേശിച്ചിട്ടുള്ള ബെഞ്ച് കട്ടിങ്ങ് അടക്കമുള്ള അപാകതകൾ പരിഹരിക്കുന്നതിന് മാത്രമായി ഉപാധികളോടെ താൽകാലിക ലൈസൻസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിട്ടുള്ളതാണ്. പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് നിർദ്ദേശിച്ച എല്ലാ ന്യൂനതകളും പരിഹരിച്ചതായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതിയുടെ മേൽ കേസിലെ 22.11.2023-ലെ അന്തിമവിധി പ്രകാരം 29.02.2024 മുതൽ 31.03.2024 വരെ ഉപാധികളോടെ ടി സ്ഥാപനത്തിന് പ്രവർത്തനാനുമതി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2) 16/02/2024 തീയ്യതിക്ക് പ്രസ്തുത സ്ഥാപനം 2024-25 മുതൽ 5 വർഷത്തേക്ക് പ്രവർത്തനാനുമതിക്കായി മുൻകൂറായി അപേക്ഷ സമർപ്പിക്കുകയും ആയതിൽ ഒരു വർഷക്കാലയളവിലേക്കുള്ള (01/04/2024-31/03/2025) ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് ബഹു. കോടതി വിധി പ്രകാരം ലൈസൻസ് അനുവദിച്ച

സെക്രട്ടറിയുടെ നടപടി റദ്ദ് ചെയ്യുന്നതിന് പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തു

3) WP(C) NO. 13435/2023 നമ്പർ കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ 22.11.2023 -ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്മേലും നിയമാനുസൃതം ലൈസൻസ് അനുവദിച്ച നടപടി അംഗീകരിക്കണമെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ, പരാമർശം 1തീരുമാനം പുന:പരിശോധിക്കേണ്ടതില്ല എന്ന് പരാമർശം 2 പ്രകാരം ഭരണ സമിതി തീരുമാനമെടുത്തു. തുടർന്ന് പഞ്ചായത്ത് സെക്രട്ടറി ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

4) കേരള പഞ്ചായത്ത് രാജ് നിയമം 232 -ാം വകുപ്പ് പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്തെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം മറ്റു വകുപ്പുകളിൽ നിന്നുള്ള അനുമതിയും പട്ടിക II പ്രകാരമുള്ള ഫീസും ഒടുക്കിയിട്ടുള്ളതിനാൽ ലൈസൻസ് അനുവദിച്ച സെക്രട്ടറിയുടെ നടപടി നിലനിൽക്കുന്നതാണെന്നും പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2) തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ചട്ടം 191 (2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി വിട്ടുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം,തിരുവനന്തപുരം (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്, ചാത്തന്നൂർ പി.ഒ., പാലക്കാട് ജില്ല- 679 535.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പിആർഡി/വെബ് &ന്യൂമീഡിയ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 16-08-2025 12:53:12
സെക്ഷൻ ഓഫീസർ